Nors—33

1	Shri K. C. Abraham	18	Shri K. Kunhambu
2	,, M. C. Abraham	19	,, C. Kunjukrishnan Nair
3	,, K. T. Achuthan	20	Smt. Leela Damodara Menon
4	,, K. K. Balakrishnan	21	Shri M. M. Mathai
5	,, R. Balakrishna Pillai	22	,, C. A. Mathew
6	,, T. O. Bava	23	Smt. A. Nafeesath Beevi.
7	,, P. C. Cherian	24	Shri Kuroor Neelakantan Namboodiripad
8	,, K. A. Damodara Menon	25	,, A. A. Rahim
9	,, K. M. George	26	,, R. Raghava Menon
10	,, P. Gopalan	27	,, R. Sankar
11	,, M. Gopalankutty Nair	28	Smt. O.T. Sarada Krishnan
12	,, Malethu Gopinatha Pillai	29	Shri C. M. Stephen
13	,, P. S. Karthikeyan	30	,, K. T. Thomas
14	,, K. Kochukuttan	31	,, T.A. Thoman
15	,, T. Krishnan	32	,, P. P. Ummerkoya
16	,, N. S. Krishna Pillai	33	,, K. K. Viswanathan
17	,, P. Kumaran		

Neutrals—Nil.

Mr. Speaker: For the Resolution—29

Against the Resolution—33

Neutrals—Nil

The Resolution is lost.

Resolution No. 2

Industrial Advancement in Malabar

Mr. Speaker: Resolution No. 2 stands in the name of Shri. P. C. Balakrishnan Nambiar. The hon. Member has authorised Shri Gopalankutty Nair to move the Resolution. I call upon Shri Gopalankutty Nair to move the Resolution.

ശ്രീ. എം. ഗോപാലൻകുട്ടി നായർ : ബഹുമാനപ്പെട്ട മെമ്പർ ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ ഈ സഭയിൽ അവതരിപ്പിക്കാൻ നോട്ടീസു കൊടുത്തിട്ടുള്ള ഈ പ്രമേയം അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ ബഹുമാനപ്പെട്ട സ്പീക്കറുടെ അനുമതിയോടുകൂടി അവതരിപ്പിക്കാനാണു് ഞാൻ ഉദ്ദേശിക്കുന്നതു്. അവതരിപ്പിക്കുന്ന പ്രമേയം ഇതാണു്.

> "വയനാടു് താലൂക്കകളിൽ ആരംഭിക്കുവാൻ സാദ്ധ്യതയുള്ള വ്യവസായങ്ങളെപ്പറ്റി സമഗ്രമായ സർവ്വെ നടത്തി, അതിന്റെ അടിസ്ഥാനത്തിൽ സഹകാര്യമേഖലയിലും പൊതുമേഖലയിലും വ്യവസായങ്ങൾ അടുത്ത പഞ്ചവത്സരപദ്ധതിക്കാലത്തെങ്കിലും ആരംഭിക്കുവാൻ വേണ്ട നടപടികൾ സത്വരമായി എടുക്കേണ്ടതാണെന്നു് ഈ സഭ ഗവണ്മെന്റിനോടു് ശുപാർശ ചെയ്യുന്നു."

ശ്രീ. ബാലകൃഷ്ണൻ നമ്പ്യാർ ഒരു പരിമിതമായ ലക്ഷ്യം വച്ചുകൊണ്ടാണു് ഈ പ്രമേയത്തിനു് രൂപം കൊടുത്തിട്ടുള്ളതെന്നാണു് എന്റെ അഭിപ്രായം. ഇതു് കുറേക്കൂടി വിപുലമായ അടിസ്ഥാനത്തിൽ വേണ്ടതായിരുന്നു എന്നു ഞാൻ കരുതുന്നു. അതായതു്, പ്രമേയത്തിന്റെ ആരംഭംതന്നെ "മലബാർ പ്രദേശത്തു് പൊതുവിലും വയനാടു പ്രദേശത്തു് പ്രത്യേകിച്ചും" എന്നാക്കിയാൽ നന്നായിരുന്നേനെ എന്നു ഞാൻ അഭിപ്രായപ്പെടുകയാണു്. ഈ സ്റ്റേറ്റിലെ വർദ്ധിച്ചുവരുന്ന ജനസംഖ്യയും ഭീമമായ തൊഴിലില്ലായ്മയും നമ്മെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ ഒരു ഭീഷണിയാണെന്നു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. ഗോപാലൻകുട്ടി നായർ]

പറഞ്ഞാൽ അതിൽ ഒട്ടും അതിശയോക്തിയില്ല. കാർഷികപ്രധാനമായ നമ്മുടെ സ്റ്റേറ്റിൽ കൃഷിഭൂമിയുടെ പരിമിതിമൂലം ഈ പ്രശ്നങ്ങൾ കൂടുതൽ സൂക്ഷ്മതരമാകുമെന്നുള്ളതാണ് വസ്തുത. തൊഴിലില്ലായ്മയും പരിഹാരം കാണുന്നതിനും നമ്മുടെ സ്റ്റേറ്റിനെ സാമ്പത്തികമായി മെച്ചപ്പെടുത്തുന്നതിനും ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനും ത്വരിതഗതിയിലുള്ള വ്യവസായവൽക്കരണമല്ലാതെ മറ്റ് പോംവഴികളൊന്നുമില്ലെന്നുള്ള കാര്യത്തെ സംബന്ധിച്ചിടത്തോളം അഭിപ്രായവ്യത്യാസമുണ്ടായിരിക്കയില്ല. ഗവണ്മെൻറും ജനങ്ങളും ഈ വഴിക്ക് അടുത്ത കാലത്തു് ചിന്തിക്കാൻ തുടങ്ങിയിരിക്കുന്നു എന്നുള്ളതു് ആശാവഹമായ ഒരു കാര്യമാണു്. ഇതിൻറെ ഫലമായി കഴിഞ്ഞ രണ്ടുമൂന്നു വർഷങ്ങളായി നമ്മുടെ സ്റ്റേറ്റിൽ വ്യവസായങ്ങളും കൃഷിയെല്ലാം പുരോഗമിക്കാൻ തുടങ്ങിയിരിക്കുന്നു എന്നുള്ള വസ്തുത നമുക്കു മറച്ചുവയ്ക്കേണ്ട കാര്യമില്ല. ഇങ്ങനെ വ്യവസായവൽക്കരണത്തിൽ സ്റ്റേറ്റ് പൊതുവെ കുറെ മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും, ഈ സ്റ്റേറ്റിലെ പല വിഭാഗങ്ങളും, ഇക്കാര്യത്തിൽ തെല്ലുപോലും മുമ്പോട്ട് പോയിട്ടില്ലെന്നുള്ള വസ്തുത പറയാതിരിക്കാൻ നിവൃത്യാഹമില്ല. ഡാക്ടറർ ലോകനാഥൻ ചെയർമാനായിട്ടുള്ള കമ്മീറ്റി റിപ്പോർട്ടിൽ ഈ വസ്തുത വളരെ വ്യക്തമായി ചൂണ്ടിക്കാണിച്ചിട്ടുണ്ടെന്നു പറയുവാൻ ഞാനാഗ്രഹിക്കുന്നു. വ്യവസായവൽക്കരണത്തിൽ മലബാർപ്രദേശം വളരെ പിന്നണിയിലാണെന്നുള്ള വസ്തുത അതിൽ പ്രത്യേകമായി എടുത്തുപറഞ്ഞിട്ടുണ്ടു്. ഇതിലും പ്രത്യേകമായി മലബാറിലെ കിഴക്കൻ പ്രദേശങ്ങളായ വയനാടു് തുടങ്ങിയ പ്രദേശങ്ങളും ഇക്കാര്യത്തിൽ തീരെ പിന്നാക്കമാണെന്നു പറയേണ്ടിയിരിക്കുന്നു. മേൽപ്പറഞ്ഞ റിപ്പോർട്ടിൽ ആശങ്കയോടുകൂടിയാണു് ഇക്കാര്യം എടുത്തു പറഞ്ഞിരിക്കുന്നതു്.

> "Major groups of industries in Kerala showed a tendency to cluster around specific regions."

മലബാറിനെ സംബന്ധിച്ചിടത്തോളമുള്ള പിന്നോക്കനില കാണിക്കുന്നതിനു് ഒന്നുരണ്ടു കാര്യങ്ങളും ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുന്നു. ഫാക്ടററി തൊഴിലാളികളുടെ സംഖ്യ ഈ സ്റ്റേറ്റിൽ ആകെയുള്ള ജനസംഖ്യയുടെ ഒന്നര ശതമാനത്തോളം വരുമെന്നാണു് മനസ്സിലാക്കാൻ കഴിയുന്നതു്. മലബാർപ്രദേശം എടുത്തുനോക്കുകയാണെങ്കിൽ അതു് ഒരു ശതമാനത്തിൽ കുറവാണെന്നു കാണാം. ഈ സ്റ്റേറ്റിൽ ഏറ്റവും അധികം തൊഴിൽസാദ്ധ്യതയുള്ള ഒരു വ്യവസായമാണു് കയർവ്യവസായം. സ്റ്റേറ്റു് ഒട്ടാകെ ഈ വ്യവസായത്തിൽ ഏർപ്പെട്ടിട്ടുള്ള തൊഴിലാളികളും 4 ലക്ഷത്തോളമാണെങ്കിൽ, മലബാർപ്രദേശത്തു് ഒരു ലക്ഷത്തിൽ കുറഞ്ഞ ആളുകളും മാത്രമെ ഈ വ്യവസായത്തിലെ തൊഴിലാളികളായുള്ള എന്നു കാണാവുന്നതാണു്. ലോകനാഥൻറെ റിപ്പോർട്ടിൽ മലബാറിൻറെ പിന്നാക്കനില പ്രത്യേകമായി കാണിച്ചിട്ടുള്ള ഒന്നുരണ്ടു ഭാഗങ്ങളും ഇവിടെ ഉദ്ധരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

> "In Kerala the level of development varies considerably as between Malabar and Travancore-Cochin regions" എന്നു് ഒരു സ്ഥലത്തു് പറഞ്ഞിട്ടുണ്ടു്.

> "The disparity in the level of development of Malabar and Travancore-Cochin areas, in terms of industries as well as social over heads can only be reduced by a conscious State policy. Uptill now full attention does not seem to have been paid to even this dispartiy." എന്നു് അഭിപ്രായം പ്രത്യേകം എടുത്തുപറഞ്ഞിരിക്കുകയാണു്.

> "In the interest of reducing regional disparity a more equitable treatment may be considered for each region." എന്നു് പ്രത്യേകമായി ഉപദേശിക്കുകയും ചെയ്തിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പുതിയ വ്യവസായങ്ങളം സ്ഥാപിക്കുന്ന കാര്യത്തിൽ മാത്രമല്ല, അവിടെ നില വിലുള്ള വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്ന കാര്യത്തിലും അറിഞ്ഞോ, അറിയാതേയോ ഗവണ്മെന്റ് ഒരു ചിറയ്മ നയമാണ് സ്വീകരിച്ചിട്ടുള്ളതെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. വ്യവസായാവശ്യങ്ങൾക്ക് ലോൺ കൊടുക്കുന്ന കാര്യത്തെ സംബന്ധിച്ച് ആ റിപ്പോർട്ടിൽ ഉദ്ധരിച്ചിട്ടുള്ള ചില വസ്തുതകം പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. തുടർച്ചയായി 3 കൊല്ലങ്ങളിൽ ലോൺ കൊടുത്തിട്ടുള്ളതിന്റെ കണക്ക് അതിൽ ഉദ്ധരിച്ചിട്ടുണ്ട്. കേരളത്തിൽ ഒട്ടാകെയുള്ള ഫാക്ടറികളിൽ 38 ശതമാനത്തോളം മലബാറിൽ ആണെന്നിരിക്കെ വ്യവസായ വായ്പകളം കൊടുത്ത കണക്കനുസരിച്ച് 9·8 ശതമാനം മാത്രമാണ് അവിടെ വിതരണംചെയ്തിട്ടുള്ളത്. ബാക്കിയുള്ള 90·2 ശതമാനവും T. C. ഭാഗത്താണ വിതരണംചെയ്തിട്ടുള്ളത് എന്നു കാണാവുന്നതാണ്. അവിടെനിന്നും അപേക്ഷകർ ഉണ്ടാകാഞ്ഞതുകൊണ്ടല്ല ഇങ്ങനെ സംഭവിച്ചിട്ടുള്ളത്. കണ്ടോംഡ് ക്മ്മോഡിറ്റീസ് കൊടുക്കുന്ന കാര്യമെടുത്താലും ഇത്തരം വിവേചനം കാണാവുന്നതാണ്. ഉരുക്ക(Steel) വിതരണത്തിൽ ഓരോ ജില്ലയിൽനിന്നുള്ള ഡിമാണ്ടിന്റെയും സപ്ലൈയുടെയും കണക്കുകളം ഞാൻ കാണുകയുണ്ടായി. തിരുവനന്തപുരം ഡിസ്ട്രിക്റ്റിൽ ഡിമാഡിന്റെ 53·6 ശതമാനം സപ്ലൈ ചെയ്തിട്ടുണ്ട്. കോട്ടയത്തു 74·5 ശതമാനം സപ്ലൈചെയ്തിട്ടുണ്ട്. കൊല്ലത്തു 37·4 ശതമാനം സപ്ലൈ ചെയ്തിരിക്കുന്നു. അതേ അവസരത്തിൽ പാലക്കാട് 23·2 ശതമാനവും, കോഴിക്കോട് 17·9 ശതമാനവും, കണ്ണൂർ 11·87 ശതമാനവുമാണ് സപ്ലൈ ചെയ്തിട്ടുള്ളതു എന്ന കാര്യം വളരെ ഗൗരവമായി ഗവണ്മെന്റു പര്യാലോചിക്കേണ്ട സംഗതിയാണ്. ഇത്തരത്തിൽ തന്നെയാണ് മാറ്റു കൺട്രോം സാധനങ്ങളുടെ കാര്യവും കൈകാര്യം ചെയ്തിട്ടുള്ളതു എന്നു പറയാതിരിക്കുവാൻ നിർവാഹമില്ല. നാലാം പഞ്ചവത്സരപദ്ധതി രൂപംകൊള്ളാൻപോകുന്ന സമയമാണിതു. അതിനു ആവശ്യമായ സ്റ്റഡിഗ്രൂപ്പ് രൂപീകരിച്ച് പ്രാരംഭ പ്രവർത്തനങ്ങം ഗവണ്മെന്റുഭാഗത്തുനിന്നും ആരംഭിച്ചിരിക്കുകയാണ്. ഈ അവസരത്തിൽ, പ്രത്യേകമായി എനിക്ക് പറയുവാനുള്ള കാര്യം മലബാറിനോടു കിഴക്കൻ മലയോരപ്രദേശങ്ങളായ വയനാട് തുടങ്ങിയ സ്ഥലങ്ങളോടും ഗവണ്മെന്റു വ്യവസായവൽക്കരണ കാര്യത്തിൽ നീതി കാണിക്കണമെന്നുള്ളതാണ്. ഈ പ്രദേശങ്ങളിൽ വളരെ അധികം വ്യവസായവൽക്കരണത്തിനുള്ള സാദ്ധ്യതകളുണ്ട്. പ്രത്യേകിച്ചും പ്ലൈവുഡ് ഫാസ്റ്റുകം ധാരാളമുള്ള പ്രദേശമാണ് മലബാർ. ഫാസ്റ്റു ബേസ്ഡ് ഇൻഡസ്ട്രി തുടങ്ങുന്നതിനു ഇവിടെ കൂടുതൽ സാദ്ധ്യതയുണ്ട്. കയർ വ്യവസായം ആ ഭാഗങ്ങളിൽ വളരെ പിന്നാക്കമാണെന്നു ഞാൻ പറയുകയുണ്ടായി. അതിനു കൂടുതൽ പ്രോത്സാഹനം നൽകണമെന്നു ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു. എന്റെ നിയോജകമണ്ഡലത്തിലും കോഴിക്കോട് ഡിസ്ട്രിക്റ്റിന്റെ കിഴക്കൻ ഭാഗങ്ങളിലും കണ്ണൂർ ഡിസ്ട്രിക്റ്റിന്റെ കിഴക്കൻ ഭാഗങ്ങളിലും മരച്ചീനികൃഷി വിപുലമായ രീതിയിൽ ചെയ്തുവരുന്നുണ്ട്. അവിടെ സ്റ്റാർച്ച് ആൻഡ് ഗ്ലൂക്കോസ് ഇൻഡസ്ട്രീസ് തുടങ്ങുന്നതിനു കൂടുതൽ സാദ്ധ്യതയുണ്ട്. കുന്നമംഗലത്തിന്റെ കിഴക്കൻ ഭാഗങ്ങളിൽ ലെമൺഗ്രാസ് കൃഷിയും രാമച്ച കൃഷിയും ധാരാളമായി ചെയ്തുവരുന്നുണ്ട്. ഒരു എസൻഷ്യൽ ആയിൽ ഫാക്ടറി സ്ഥാപിക്കുന്നതിനു വളരെ സാദ്ധ്യതയുള്ള പ്രദേശമാണിതു. ഗ്വാളിയോർ റയോൺസ് ഫാക്ടറി വന്നതോടുകൂടി മലബാർ ഭാഗത്തുള്ള മുള അധികവും ഉപയോഗപ്പെടുത്തുന്നുണ്ട് എന്നതു ശരിയാണ്. പക്ഷെ ആ ഫാക്ടറിയുടെ ആവശ്യം കഴിച്ച് ഉദ്ദേശം 50,000 ടണ്ണോളം മുള അവിടെ മിച്ചമുണ്ടാകുമെന്നു മനസ്സിലാകുന്നുണ്ട്. റയോൺസ് പൾപ്പ് ഫാക്ടറി ഒരെണ്ണവുംകൂടി അവിടെ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം ഡാക്ടർ ലോകനാഥന്റെ റിപ്പോർട്ടിൽതന്നെ വച്ചിട്ടുണ്ട്. അതനുസരിച്ച് ഒരു പൾപ്പു ഫാക്ടറികൂടി സ്ഥാപിക്കുവാനുള്ള നടപടികളം സ്വീകരിക്കണമെന്നു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. അവിടെ പേപ്പർമിൽ സ്ഥാപിക്കുവാനുള്ള സാദ്ധ്യതയുമുണ്ട്. ഇപ്പോം പുനലൂർ മാത്രമാണ് ഒരു പേപ്പർമില്ലുള്ളതു. റബ്ബർ കൃഷിയും ധാരാളമുള്ള പ്രദേശമായതുകൊണ്ട് Rubber based Industries നും സാദ്ധ്യതയുണ്ട്. ഹാർഡ്ബോർഡ് ഫാക്ടറി സ്ഥാപിക്കുവാൻ വേണ്ട നടപടികളം സ്വീകരിക്കുവാനുണ്ട്,

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. ഗോപാലൻകുട്ടി നായർ]

ന്റെ നിയോജകമണ്ഡലത്തിൽപെട്ട നന്മണ്ടയിൽ അയൺ ഓർ വളരെ അധികം കിട്ടുന്നതിനു സാദ്ധ്യതയുണ്ടെന്നു് ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ടു്. മൈക്ക വയനാട്ടിൽ ധാരാളമുണ്ടെന്നാണു് പറയുന്നതു്. വയനാട്ടിലും നിലമ്പൂരും ഗോൾഡ്മൈനിംഗിനു് ധാരാളം സാദ്ധ്യതയുണ്ടു്. പത്തൊൻപതാം നൂറ്റാണ്ടിൽതന്നെ എന്റെ കുടുംബവകയുള്ള സ്ഥലങ്ങളും മൈനിംഗ് ലീസിനു ചില യൂറോപ്യൻ കമ്പനികൾക്കു കൊടുത്തിട്ടുണ്ടായിരുന്നു എന്ന വസ്തുത ഞാൻ ഓർത്തുപോകുകയാണു്. അവക്കു് അന്നുള്ള സജ്ജീകരണങ്ങളുംകൊണ്ടു് ലാഭകരമായി പ്രവർത്തിക്കുവാൻ കഴിയാത്തതുകൊണ്ടാണു് അതു നടപ്പാകാതെപോയതു്. ആധുനിക യന്ത്രസാമഗ്രികളും സജ്ജീകരണങ്ങളുമുള്ള ഇക്കാലത്തു് അവിടെ ഗോൾഡ് മൈനിംഗ് ലാഭകരമായി നടത്താമെന്നുള്ളതിനു് യാതൊരു സംശയമില്ല. ഈ വക കാര്യങ്ങളും പരിഗണിച്ചുകൊണ്ടു് നാലാം പഞ്ചവത്സരപദ്ധതിയിൽ മലബാർ പ്രദേശത്തു്, പ്രത്യേകിച്ചു വയനാടു തുടങ്ങിയ മലയോര പ്രദേശങ്ങളിൽ നടത്താൻ സാദ്ധ്യതയുള്ള വ്യവസായങ്ങളെപ്പറ്റി സമഗ്രമായി അന്വേഷണം നടത്തി അതിനാവശ്യമായ സ്കീമുകളും ഇപ്പോൾതന്നെ തയ്യാറാക്കുവാൻ ഗവണ്മെന്റു ശ്രദ്ധിക്കണമെന്നും, അങ്ങനെ ആ പ്രദേശത്തോടു് നീതി കാണിക്കണമെന്നും, പ്രത്യേകമായി അപേക്ഷിച്ചുകൊണ്ടു് സഭ സർവസമ്മതമായി പാസാക്കുമെന്നുള്ള പ്രതീക്ഷയോടുകൂടി ഞാൻ ഈ പ്രമേയം സഭയുടെ പരിഗണനക്കായി അവതരിപ്പിച്ചുകൊള്ളുന്നു.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു ഇതിന്റെ സാരാംശത്തോടു് യോജിച്ചുകൊണ്ടു് ചില കാര്യങ്ങളും പറയണമെന്നേ ഞാനാഗ്രഹിക്കുന്നുള്ളൂ. നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക നേട്ടങ്ങളും ഇവിടത്തെ വ്യവസായവൽക്കരണത്തെ ആശ്രയിച്ചാണിരിക്കുന്നതെന്നുള്ള കാര്യത്തിൽ ഒരു എതിരഭിപ്രായവും ഇന്നുവരെ ആരും പ്രകടിപ്പിച്ചു കേട്ടിട്ടില്ല. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ചു നമ്മുടെ സംസ്ഥാനം ഇക്കാര്യത്തിൽ പിന്നണിയിൽ ആണെന്നുള്ളതിൽ ആർക്കും സംശയമില്ല. എങ്കിൽകൂടിയും ഈ ഗവണ്മെന്റു അധികാരത്തിൽ വന്നതിനുശേഷം വളരെ വ്യക്തമായി വ്യവസായരംഗത്തു് നേട്ടങ്ങളും ഉണ്ടാക്കണമെന്നോർത്തുകൊണ്ടു് കൂടുതലായി മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്നുവെന്നു് ഓർമ്മിപ്പിക്കുകയാണു്. ഇവിടത്തെ തീരപ്രദേശങ്ങളിൽ കൂടുതൽ വ്യവസായങ്ങളും ഒക്കെ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും കിഴക്കൻ പ്രദേശങ്ങളെ സംബന്ധിച്ചു പരിപൂർണ്ണമായ അവഗണനയാണു് പുതിയ വ്യവസായങ്ങളും ആവിഷ്കരിക്കുന്ന കാര്യത്തിൽ ഉണ്ടായിട്ടുള്ളതെന്നു വളരെ ഖേദത്തോടുകൂടി ഈ അവസരത്തിൽ അനുസ്മരിക്കേണ്ടതുണ്ടു്. ശ്രീ. ബാലകൃഷ്ണൻ നമ്പ്യാരുടെ പ്രമേയത്തിൽ വയനാടു താലൂക്കിന്റെ കാര്യം പറഞ്ഞിരിക്കുന്നതുപോലെ കേരളത്തിന്റെ കിഴക്കൻ പ്രദേശങ്ങളിൽ വ്യാവസായിക വികസനത്തിനുള്ള സാദ്ധ്യതകളും എന്തൊക്കെയാണെന്നു ഗവണ്മെന്റു അന്വേഷിച്ചു് അതിനാവശ്യമായ നടപടികളും ദ്രുതഗതിയിൽ എടുക്കേണ്ടതുണ്ടു്. മൈക്കാ വ്യവസായത്തിന്റെ സാദ്ധ്യതയെപ്പറ്റി ശ്രീ. ഗോപാലൻകുട്ടി നായർ ഇവിടെ പറയുകയുണ്ടായി. ലോകത്തു കൂടുതൽ മൈക്കാ ഉല്പാദിപ്പിക്കുന്നതു ഇൻഡ്യയിലാണു്. കേരളത്തിൽനിന്നാണു് അതു വളരെയധികം പൊയ്ക്കൊണ്ടിരിക്കുന്നതു്. എന്റെ താലൂക്കിൽ ഒരു മൈൻ

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായിരുന്നു. അവിടെ പ്രവർത്തനം നിറുത്തിവച്ചിരിക്കുകയാണു്. ആധുനിക രീതിയിൽ കൂടുതൽ മൈക്കാ ഉല്പാദിപ്പിക്കാൻ സാദ്ധ്യതയുള്ള പ്രദേശമാണതു്. ആ പ്രദേശത്തു് മൈനിംഗ് നടത്തിയിരുന്ന ഉടമസ്ഥനു് തുടർന്നുനടത്താൻ സാമ്പത്തികമായ ബുദ്ധിമുട്ടുകൊണ്ടും മറ്റും കഴിയാതെവന്നു. ഇന്നു് ബുദ്ധിമുട്ടനുഭവിക്കുന്ന ആ മാതിരി രംഗങ്ങളിൽ ഗവണ്മെന്റു് ശ്രദ്ധിക്കേണ്ടതു് വളരെ ആവശ്യമാണു്. വയനാട്ടിൽ സ്വർണ്ണഖനനത്തിനുള്ള സാദ്ധ്യതയുള്ളതായി ഇവിടെ പറയുകയുണ്ടായി. മൈസൂറിലെ സ്വർണ്ണഖനി കഴിഞ്ഞാൽ കേരളത്തിനു് അതിനു സാദ്ധ്യത ഉണ്ടെന്നുള്ളതു ശരിയായി പരിഗണിക്കാൻ നമുക്കു് കഴിഞ്ഞിട്ടില്ല. മൈസൂറിലെ സ്വർണ്ണഖനി നഷ്ടത്തിലാണു് നടന്നുകൊണ്ടിരിക്കുന്നതു്. കേന്ദ്രഗവണ്മെന്റു് അതു ഇപ്പോഴും ഏറ്റെടുത്തിരിക്കുകയാണു്. വയനാട്ടിൽ സ്വർണ്ണഖനനത്തിനുള്ള സാദ്ധ്യത എത്രമാത്രമുണ്ടെന്നു ഇപ്പോഴും പറയാൻ കഴിയുകയില്ല. എന്നിരുന്നാലും അതൊന്നു പരീക്ഷിച്ചുനോക്കാൻ കഴിയുമോ എന്നു നോക്കേണ്ടതാണു്. അങ്ങനെ ആ വ്യവസായം അഭിവൃദ്ധിപ്പെടാൻ സാദ്ധ്യതയുണ്ടെങ്കിൽ നമ്മുടെ സാമ്പത്തിക പരാധീനത ഒട്ടൊക്കെ പരിഹരിക്കാൻ കഴിയും.

അതുപോലെതന്നെ ഈ രാജ്യത്തു എണ്ണ ധാരാളമായി ഉൽപ്പാദിപ്പിക്കാൻ സാദ്ധ്യതയുണ്ടെന്നു ഇവിടെ പറയുന്നതു കേട്ടു. ഇവിടെ അങ്ങനെ അസംസ്കൃത എണ്ണ ഉൽപ്പാദിപ്പിക്കാനുള്ള സാദ്ധ്യതയുണ്ടെങ്കിൽ നമ്മുടെ രാജ്യം അതിനെ സംബന്ധിച്ചിടത്തോളം രക്ഷപ്പെട്ടു എന്നാണു് കരുതേണ്ടതു്. അതിനുള്ള പ്രവർത്തനം എത്രയും വേഗം ആരംഭിക്കാൻ കഴിയുമോ എന്നു നോക്കേണ്ടതാണു്. ഇവിടെ ഈ വ്യവസായങ്ങളും ആരംഭിക്കുമ്പോഴും അതു കിഴക്കൻ പ്രദേശങ്ങളിൽ കൂടി ആരംഭിക്കണമെന്നുള്ള കാര്യം ഞാൻ അഭ്യർത്ഥിക്കുകയാണു്.

ഈ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളും ആരംഭിക്കുന്ന അവസരങ്ങളിൽ ഞങ്ങളുടെ ഒക്കെ പ്രദേശങ്ങളെ അവഗണിക്കുകയാണു്. വേദനാജനകമായ ആ വസ്തുതയെ മറച്ചുവയ്ക്കാൻ സാദ്ധ്യമല്ല. വ്യവസായവൽക്കരണത്തെസംബന്ധിച്ചിടത്തോളം ഏകാധിപത്യഭരണകാലംമുതൽ ഈ കിഴക്കൻ പ്രദേശങ്ങളെ അവഗണിച്ചിരിക്കുകയാണു്. അതു ഏതായിരുന്നാലും ഈ മാതിരി പ്രദേശങ്ങളുടെകാര്യത്തിൽ ഗവണ്മെന്റു മുൻകൈ എടുത്തു അവിടങ്ങളിൽ വ്യവസായങ്ങളും ആരംഭിക്കാനുള്ള പ്രവർത്തനങ്ങളും നടത്തണം എന്നു അഭ്യർത്ഥിച്ചുകൊണ്ടു ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ: ഈ പ്രമേയം സപ്പോർട്ടു ചെയ്തതിനുശേഷം അതിനുള്ള അമെൻറുമെൻറുസ് മൂവു ചെയ്താൽ പോരേ.

ഡപ്യൂട്ടി സ്പീക്കർ: അമെൻറുമെൻറു രണ്ടും ആർഡറിലല്ല. എന്നാൽ മെമ്പറന്മാക്കു സംസാരിക്കാവുന്നതാണു്.

ശ്രീ. ഓ. കോരൻ: മാഡം, ഞാൻ ഈ പ്രമേയത്തിൽ പ്രത്യേകിച്ചും വയനാട്ടിന്റെ കാര്യത്തെ സംബന്ധിച്ച പ്രമേയം അവതരിപ്പിച്ചുകൊണ്ടു് അദ്ദേഹം സംസാരിച്ചകാര്യങ്ങളും ഒന്നുകൂടി ഓർമ്മിപ്പിക്കുകയാണു്. വയനാട്ടിനെ സംബന്ധിച്ചു സ്വർണ്ണം വിളയുന്ന മണ്ണാണെന്നു സാധാരണ പറയാറുണ്ടു്. അങ്ങനെ സ്വർണ്ണം വിളയുന്ന മണ്ണു് എടുത്തു ഉപയോഗപ്പെടുത്തി നമ്മുടെ നാടു കൂടുതൽ ഗുണപ്രദമാക്കുന്നതിനുവേണ്ടി ആസൂത്രിതമായിട്ടുള്ള പദ്ധതികളും രൂപീകരിച്ചു അതുമൂലം ഇവിടെ നടപ്പിൽവരുത്താൻ സാധിക്കുന്ന വ്യവസായങ്ങളെ സംബന്ധിച്ചും മറ്റുള്ള കാര്യങ്ങളെസംബന്ധിച്ചും സത്വരമായ ഒരു സർവ്വേ നടത്തുകയാണെങ്കിൽ ഇവിടെ നടപ്പിൽ വരുത്താൻ സാധിക്കുന്ന പല വ്യവസായങ്ങളുമുണ്ടു്. അതിനെ സംബന്ധിച്ചു സർവ്വേ നടത്തുമ്പോഴാണു് അതിന്റെ കാര്യങ്ങളും പ്രത്യേകമായി മനസ്സിലാക്കാൻ സാധിക്കുന്നതു്. ഇതു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഒ. കോരൻ]

ഞാൻ പറയാനുള്ള കാരണം മലയോരപ്രദേശങ്ങളിൽ ഇവാല്വേഷൻ കമ്മിറ്റി യോടൊത്തു ഞാനും യാത്രചെയ്യുമ്പോൾ പല സ്ഥലത്തും മലയോരപ്രദേശങ്ങളിൽ നമ്മുടെ ജനങ്ങൾക്കു ജോലിലഭിക്കുന്നതിനും രാജ്യത്തിനു ഉപയോഗപ്രദവുമായ പല വ്യവസായങ്ങളും, ചെറുകിട മാത്രമല്ല, മറ്റു വ്യവസായങ്ങളും സംഘടിപ്പിച്ചു പ്രവർത്തിപ്പിക്കുവാനുള്ള സാദ്ധ്യതയുള്ളതായി കാണാൻ കഴിഞ്ഞിട്ടുണ്ട്. പക്ഷേ, വിദഗ്ദ്ധന്മാർ അതേപ്പറ്റി പഠനം നടത്തി അതിനുള്ള സാദ്ധ്യതകളെക്കുറിച്ചു് ആരാഞ്ഞു അതു നടപ്പിൽ വരുത്തുകയാണെങ്കിൽ ഇന്നു നമ്മെ തുറിച്ചുനോക്കിക്കൊണ്ടിരിക്കുന്ന തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും പല പല വ്യവസായങ്ങളും ഇവിടെ നടപ്പിൽവരുത്തുന്നതിനും സാധിക്കും. ഈ പദ്ധതികളെല്ലാം നടപ്പിൽ വരുത്തുന്നതിനു സത്വരമായിട്ടുള്ള ഒരു സർവ്വേകൂടാതെ സാദ്ധ്യമല്ല. ലോകനാഥന്റെ റിപ്പോർട്ടിൽതന്നെ ഈക്കാര്യങ്ങളെല്ലാം പറഞ്ഞിട്ടുണ്ട്. സർ, പ്രത്യേകിച്ചു ഓരോ സ്ഥലങ്ങളായി എടുത്തു സർവ്വേ ചെയ്യുമ്പോൾ വ്യയം ചെയ്യാതെ മൊത്തമായി ഈ രാജ്യം മുഴുവനും ഒരു സർവ്വേ നടത്തിക്കഴിഞ്ഞാൽ വളരെ വിദഗ്ദ്ധമായ നിലയിൽ പല വ്യവസായങ്ങളും ഇവിടെ സംഘടിപ്പിക്കുവാൻ സാധിക്കും. പ്രത്യേകിച്ചും വയനാടുപോലെയുള്ള സ്ഥലങ്ങളിൽനിന്നും അവിടത്തെ ജനങ്ങളും ശേഖരിക്കുന്ന മലഞ്ചരക്കു മുതലായ സാധനങ്ങളും നാം വിലകൊടുത്തു ശേഖരിച്ചു അതു മറ്റു സ്ഥലങ്ങളിലേക്കു് കയറ്റി അയയ്ക്കുവാനും അവർക്കു തൊഴിൽ നൽകുവാനും സാദ്ധ്യതയുണ്ട്. എന്നാൽ ഇന്നും അവർ ശേഖരിക്കുന്ന മലഞ്ചരക്കുകളും എല്ലാം അപരിഷ്കൃതമായ നിലയിൽതന്നെയാണു്. ഈ ഗിരിവർഗ്ഗ ഉപദേശക കമ്മിറ്റി റിപ്പോർട്ടിൽ മലയോരപ്രദേശത്തു ഈവക ജോലിചെയ്തുകൊണ്ടിരിക്കുന്ന ആളുകൾക്കു കൂടുതൽ ജോലി നൽകുവാനും സാധാരണ അവർ ശേഖരിക്കുന്ന മലഞ്ചരക്കുകളെല്ലാംകൊണ്ടു ഈ രാജ്യത്തു വ്യവസായങ്ങളും സംഘടിപ്പിക്കുവാനും കഴിയുമെങ്കിൽ രണ്ടുവിധത്തിൽ ഈ രാജ്യത്തിനു നേട്ടമുണ്ടാകുമെന്നു പറയുന്നുണ്ട്. ഒന്നു് അവർക്കു തൊഴിലും നൽകാൻ സാദ്ധ്യതയുണ്ട്. രണ്ടാമതായി, ഈ രാജ്യത്തിനു കൂടുതൽ വരുമാനമുണ്ടാകും. ഈ വകകാര്യങ്ങളും വയനാടിനെ സംബന്ധിച്ചുമാത്രമല്ല, മറ്റു പല രീതിയിലും ഒരു സർവ്വേ നടത്തുന്നതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ വ്യവസായങ്ങളും സംഘടിപ്പിക്കുന്നതിനും വരുമാനം ഉണ്ടാക്കുന്നതിനും സാധിക്കുമെന്നുള്ളതാണു്. എന്റെ ഭേദഗതി അവതരിപ്പിക്കാൻ സാദ്ധ്യമല്ലാ എന്നുള്ളതുകൊണ്ടു് ഈ കാര്യങ്ങളും ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തികൊണ്ടു ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു. ഇവിടെ ഒരു തെറ്റിദ്ധാരണയുണ്ടായതുപോലെ തോന്നുന്നു. വയനാട്താലൂക്കു് എന്നു അവർ ഉദ്ദേശിച്ചിട്ടുള്ളതുപോലെയല്ല. ഈ വയനാട്താലൂക്കു് നാം സാധാരണ ധരിച്ചിട്ടുള്ളതുപോലെ കോഴിക്കോട്ടിനും കണ്ണൂരിനും ഇടയ്ക്കുള്ള പ്രദേശമാണു്. "Bombay is the Manchester of India" എന്നു പറയുന്നതുപോലെ ബ്രിട്ടണിൽ മാൻഞ്ചസ്റ്ററിനുള്ള വിശേഷത ഇൻഡ്യയിൽ ബാംബേക്കാണു് ഉള്ളതു്. അതുപോലെ ബ്ലാത്തൂർ ഈസ് ദി ബിലാത്തി ആഫ് കേരളാ എന്നും പറയാറുണ്ടു്. ബ്രിട്ടണിൽ മാൻഞ്ചസ്റ്ററിനുള്ള പ്രാധാന്യംപോലെ വയനാട്ടിൽ പ്രകൃതിസമ്പത്തു വിഭവങ്ങളും ധാരാളമായി ഉണ്ടാകുന്നു. അസംസ്കൃത പദാർത്ഥങ്ങളും ആ ഭാഗത്തു് ധാരാളമായി ഉണ്ടു്. ഇന്നു മലബാറിൽ ആ പ്രദേശങ്ങളിലെല്ലാംതന്നെ തൊഴിലില്ലായ്മയും ദാരിദ്ര്യവും യാതനകളും വർദ്ധിച്ചുകൊണ്ടിരിക്കുകയാണു്. അതു പരിഹരിക്കാനുള്ള സാദ്ധ്യതകളുണ്ടായിട്ടും എങ്ങനെയെല്ലാം അതു വിനിയോഗിക്കണം എന്നു ഒരു പരിശോധന നടത്തി അതുപയോഗപ്പെടുത്തുന്നതിനു ഗവണ്മെന്റു തയാറായില്ലാ എന്നുള്ളതാണു് വാസ്തവം. വയനാട്താലൂക്കിലും അതിനടുത്ത താലൂക്കുകളിലുംപെട്ട തളിപ്പറമ്പ, പയ്യന്നൂർ, ഇരിക്കൂർ, മട്ടന്നൂർ, കുത്തുപറമ്പു് അവിടങ്ങളിലെല്ലാംതന്നെ ഈത്തരത്തിലുള്ള സാദ്ധ്യതകളുണ്ടു്. അതേപ്പറ്റി ഒരു അന്വേഷണം നടത്തണം. അവിടെ ഈ ഫ്യൂജിറ്റീവു് കൾട്ടിവേഷൻ അനുവദിച്ചിരുന്നതുകൊണ്ടു് അവിടത്തെ ജനങ്ങൾ എങ്ങനെ ജീവിച്ചുവന്നിരുന്നു. ഇന്നു ആ കൾട്ടിവേഷൻതന്നെ സാദ്ധ്യതയില്ലാതായിരിക്കുന്നു. അതെസമയം അവിടെ ഒരുവയ്ക വ്യവസായങ്ങളും ആരംഭിക്കുന്നതിനുള്ള സാദ്ധ്യതകളുണ്ടുതാനും.

LIBRARY ARCHIVES Kerala Legislative Assembly

കാഞ്ഞിരോട്ട് എന്നു പറയുന്ന വില്ലേജിൽ ചൈനാക്ലേ ധാരാളമുണ്ടെന്നു പറയുന്നു. അതേപ്പറ്റി അന്വേഷിക്കാനുള്ള സന്മനസുണ്ടായില്ല. അതു പോലെതന്നെ മൈക്ക, കണ്ണപുരത്തും, പാപ്പിനിശ്ശേരിയിലും, കല്യാണിശേരിയിലും ഉള്ളതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. വൈറ്റിലയിലും അതു ധാരാളമായി കിട്ടും. അതേപ്പറ്റി അന്വേഷണം നടത്തുവാനും, അതനുസരിച്ചു ആ വ്യവസായങ്ങളും നടത്താനുള്ള സാദ്ധ്യതയെക്കുറിച്ചും ആലോചിക്കേണ്ടതാണ്. അതുപോലെ മണ്ണൂർ എന്ന സ്ഥലത്തു ഗവണ്മെൻറുവകയായിട്ടുള്ള ആയിരക്കണക്കിനേക്കർ ഭൂമി റബ്ബർകൃഷിക്കു പറ്റിയതായിട്ടുണ്ട്. അതു എസ്.ചീട്ട ഭൂമിയാണ്. അവിടെ റബ്ബർ പ്ലാന്റേഷനു സാദ്ധ്യതയുണ്ട്. ഫാറസ്റ്റ് പ്രാഡിയൂസ് ധാരാളമായി അതിനു ചുറ്റുപാടും ഉണ്ടാകുന്നുണ്ട്. അങ്ങനെ റബ്ബർ പ്ലാന്റേഷൻ തുടങ്ങാനുള്ള സാദ്ധ്യത അവിടെയുണ്ട്. മലയോരപ്രദേശങ്ങളിൽനിന്നും കിട്ടുന്ന അസംസ്കൃത സാധനങ്ങളും അതിനുള്ള സാദ്ധ്യതകളും ഗവണ്മെൻറ് ഉപയോഗപ്പെടുത്തുന്നില്ല എന്നുള്ളതാണ്. അതേ സംബന്ധിച്ചു നിവേദനങ്ങളും തന്നെ ഉണ്ടായിട്ടുണ്ട്. അതെല്ലാം പരിശോധിച്ചു വ്യവസായങ്ങളും തുടങ്ങാനുള്ള സാദ്ധ്യത ആരായുന്നതിനുവേണ്ടിയുള്ള നടപടി എടുക്കണം എന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എൻ. ഈ. ബലറാം : ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു. ഇന്നു രണ്ടു താലൂക്കുകളിലായിട്ടാണ് വയനാടു കിടക്കുന്നതു്. അവിടെ വ്യാവസായികപുരോഗതി കൈവരുത്തുന്നതിനെപ്പറ്റിയാണ് പ്രമേയത്തിൽ പറയുന്നതു്. ഇന്നു അവിടത്തെ സ്ഥിതിപറഞ്ഞാൽകുറെകൊല്ലങ്ങളായി വയനാട്ടിലെ സാമ്പത്തികനില തീരെ മോശപ്പെട്ടവരികയാണ്. അവിടെ കേവലം തോട്ടങ്ങളുമാത്രമായിരുന്നു. ആ തോട്ടങ്ങളും ചായത്തോട്ടങ്ങളൊഴികെ മറ്റു വലിയ തോട്ടങ്ങളും കാപ്പിയും നാശങ്ങയുമാണ്. അവിടെ ഈ രണ്ടും കൃഷി ചെയ്യുന്ന തോട്ടങ്ങളിൽ ഒരുതരം പെസ്റ്റു ബാധിച്ചതോടെ ഈ രണ്ടു കൃഷിയും ക്രമേണ ക്രമേണ നശിച്ചുവരികയാണ്. അതെല്ലാം ഇപ്പോൾ ചായത്തോട്ടങ്ങളായി. ചിലയിടങ്ങളിൽ ആളുകൾ കൂടുതൽ കൂടുതലായി കുടിയേറിപ്പാർത്തുകൊണ്ടിരിക്കുകയുമാണ്. അതു അങ്ങനെ ഇപ്പോൾ ഒരു പ്രശ്നമായിത്തീർന്നിരിക്കയാണ്. അവിടെ കേവലം തോട്ടങ്ങളല്ലാതെ മറ്റു വ്യവസായശാലകളും കാണാനില്ല. ഒരൊറ്റ ഫാക്ടറിപോലും വയനാട്ടിലില്ല. അപ്പോൾ ആ നിലയ്ക്ക് ശ്രീമാൻ ടി. സി. പറഞ്ഞതുപോലെ വയനാടിന്റെ പ്രശ്നം അവിടെ മാത്രമല്ല, മറ്റു സ്ഥലങ്ങളിലും ഉണ്ട്. കല്യാണശ്ശേരി, പാപ്പിനശ്ശേരി ഇതെല്ലാം തന്നെ വിഷമംപിടിച്ച പ്രദേശങ്ങളാണ്. അങ്ങനെ പറയുകയാണെങ്കിൽ എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ചില ഭാഗങ്ങളും വയനാട്ടിലുണ്ട്. ആരു പറഞ്ഞാലും വയനാട്ടിലെ സ്ഥിതി വളരെ മോശമാണ്. അവിടെ അസംസ്കൃത സാധനങ്ങളും വിദഗ്ദ്ധശക്തിയും കിട്ടാൻ സാദ്ധ്യതയുണ്ടെങ്കിലും പുതിയ വ്യവസായങ്ങളൊന്നും അവിടെ ആരംഭിച്ചിട്ടില്ല. അതുകൊണ്ട് തീർച്ചയായും ഇപ്പോൾതന്നെ കഴിയുന്ന കാര്യങ്ങളും ഗവണ്മെൻറു ചെയ്യുകയും നാലാമത്തെ പ്ലാൻ ചർച്ചയ്ക്കു വരുമ്പോൾ വളരെ അധികം ശ്രദ്ധിച്ചു അവികസിത സ്ഥലങ്ങളെപ്പറ്റി പര്യാലോചിക്കുകയും ചെയ്യണമെന്നു മാത്രമാണെനിക്കു പറയാനുള്ളതു്.

ശ്രീ. എസ്. കുമാരൻ : മാഡം, ഈ പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു. നമ്മുടെ സ്റ്റേറ്റിൽ വ്യവസായവൽക്കരണത്തിനുള്ള ശ്രമങ്ങളും ദ്രുതഗതിയിൽ നടക്കുന്നുണ്ടെന്നു ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി പറയാറുണ്ട്. വ്യവസായവൽക്കരണത്തിന്റെ സംരംഭങ്ങളും ഉണ്ടെങ്കിലും പ്രത്യേകം ചില സ്ഥലങ്ങളിൽ കേന്ദ്രീകരിച്ചാണ് അതു നടക്കുന്നതെന്നു പറയേണ്ടിയിരിക്കുന്നു. സാമ്പത്തികമായി ഇന്നും പിന്നാക്കംനിൽക്കുന്ന പ്രദേശങ്ങളും കണ്ടുപിടിച്ചു് അവിടെ ഇത്തരത്തിലുള്ള പരിശ്രമം നടത്തണമെന്നുള്ളതാണ് ഈ പ്രമേയത്തിലെ കാതലായ ഭാഗം. അതിനോടു ഞാനും യോജിക്കുകയാണ്.

ഡപ്യൂട്ടി സ്പീക്കർ : പ്രമേയത്തിൽ അങ്ങനെയല്ല പറയുന്നതു്. വയനാട്ടിലെ പ്രത്യേകകാര്യമാണ് അതിൽ സ്പഷ്ടമായി പറയുന്നതു്,

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. കുമാരൻ: മാഡം, ഇങ്ങനെ പറയുന്നതിന്റെ ഉദ്ദേശം എന്താണെന്ന മനസ്സിലായി. വയനാടുപോലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ചേർത്തല, ആലപ്പുഴ എന്നീ പ്രദേശങ്ങളും ഇതിൽ ഉൾപ്പെടുത്തേണ്ടതാണ്. അങ്ങനെ ഈ പ്രമേയത്തിന്റെ കാതലായ ഭാഗം, എല്ലാ താലൂക്കുകളിലും വ്യവസായം ആരംഭിച്ച് ചിലപ്രത്യേക സ്ഥലങ്ങളിലെ പിന്നാക്കനില മാറ്റണമെന്നാണ്. അതുപോലെതന്നെ വ്യവസായങ്ങളം നശിച്ചുവെണ്ണീറായ ചില പ്രദേശങ്ങളം ഉണ്ട്. അത്തരം പ്രദേശങ്ങളുടെകാര്യത്തിലും പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

മാഡം, ഈ അവസരത്തിൽ ഒരുകാര്യം പ്രത്യേകം ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ആലപ്പുഴ, അമ്പലപ്പുഴ, ചേർത്തല എന്നീ തീരപ്രദേശങ്ങളിലെ പുതിയ വ്യവസായ സാദ്ധ്യതകളെപ്പറ്റി അന്വേഷിക്കാൻ ഒരു കമ്മിറ്റിയെ നിയമിച്ചു. തരകൻ കമ്മിറ്റി എന്നാണ് അതിനു പേരുപറഞ്ഞിരുന്നത്. പതിനെട്ട വ്യവസായങ്ങൾക്കു അവിടെ സാധ്യതയുണ്ടെന്നു ആ കമ്മിറ്റി റിപ്പോർട്ട സമർപ്പിച്ചു. കമ്മിറ്റി റിപ്പോർട്ട സമർപ്പിച്ചിട്ട് വർഷം ഒന്നുകഴിഞ്ഞിട്ടും യാതൊരു നടപടിയും ഇതുവരെ അതിന്മേൽ ഗവണ്മെന്റു സ്വീകരിച്ചിട്ടില്ല. ഇങ്ങനെയുള്ള ഏതെങ്കിലും ഒരു കമ്മിറ്റിക്കു ഈ വിഷയം വിട്ടുകൊണ്ടായില്ല, കമ്മിറ്റിയുടെ ശുപാർശകൾ നടപ്പാക്കാൻകൂടി ഗവണ്മെന്റു ശ്രദ്ധകാന്തി പ്രദർശിപ്പിക്കണമെന്നാണ് എനിക്കു പറയാനുള്ളതു. അതുപോലെതന്നെ, തരകൻ കമ്മിറ്റി ശുപാർശകൾ ഇംപ്ലിമെന്റു ചെയ്യുന്നതിനു ഒരു പ്രത്യേക കമ്മിറ്റിയെ നിയമിക്കാൻ ഗവണ്മെന്റു തീരുമാനിച്ചു. അതിൽ ഐ. എൻ. ടി. യു. സി. യുടെയും, എ. ഐ. റ്റി. യു. സി. യുടെയും പ്രതിനിധികൾ ഉണ്ടായിരിക്കണമെന്നു നിർദ്ദേശംവന്നു. ശ്രീ. ടി. വി. തോമസിന്റെ പേരു നിർദ്ദേശിച്ചതു ഗവണ്മെന്റു സ്വീകരിച്ചില്ല. ഐ. എൻ. ടി. യു. സി. പ്രതിനിധിയെ കമ്മിറ്റിയിൽ ഉൾപ്പെടുത്തുകയുംചെയ്തു. ഇങ്ങനെ രേണകക്ഷിയിലുള്ളവർക്കു പ്രത്യേക പരിഗണന നൽകുകയും, മറ്റു പാർട്ടിയെ അവഗണിക്കുകയും ചെയ്യുന്നതു ശരിയല്ലെന്നാണ് എന്റെ അഭിപ്രായം. മാഡം, ഞാൻ ഈ പ്രമേയത്തിന്റെ തത്വത്തോടു യോജിക്കുകയാണ്.

ശ്രീ. കെ. എ. ദാമോദരമേനോൻ: മാഡം, വയനാടിന്റെ പ്രത്യേകമായ കാര്യത്തെ സംബന്ധിച്ച്, വ്യാവസായികമായി വളരെ പിന്നാക്കംനിൽക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിലുള്ളതാണ് ഈ പ്രമേയം. പക്ഷേ, ദൗർഭാഗ്യവശാൽ, പ്രമേയകർത്താവു ഇവിടെ ഹാജരില്ലാതെപോയി. അതുകൊണ്ടു വയനാടിന്റെ കാര്യമല്ല ഇവിടെ പ്രതിപാദിക്കപ്പെട്ടതു. പല കാര്യങ്ങളും പറഞ്ഞു. പൊതുവേ പറഞ്ഞാൽ, വ്യവസായഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചുള്ള ഒരു ധനാഭ്യർത്ഥനയിൽ പൊതുവിൽ പറയാവുന്ന കാര്യങ്ങളം ചുരുങ്ങിയതോതിൽ ഇവിടെ പറഞ്ഞിട്ടുണ്ട്. വയനാടു് എന്നു പറഞ്ഞാൽ, മലയോരപ്രദേശങ്ങളം എന്ന വ്യാഖ്യാനമാണ് ചില മെമ്പറന്മാർ നൽകിയതു. ഇവിടെ പ്രമേയ കർത്താവിനുവേണ്ടി ശ്രീ. എം. ഗോപാലൻകുട്ടി നായർ സംസാരിച്ചതു, വയനാടു് എന്നു പറഞ്ഞാൽ, മലബാർ എന്നു വ്യാഖ്യാനം നൽകിക്കൊണ്ടാണ്. മലബാറിന്റെ പിന്നാക്കനിലയെപ്പറ്റിയും, മലയോരപ്രദേശങ്ങളിലും, കടലോരപ്രദേശങ്ങളിലും, മദ്ധ്യപ്രദേശത്തും നിലവിലുള്ള പിന്നാക്കനിലയെപ്പറ്റിയും അദ്ദേഹം സംസാരിച്ചു. ശ്രീ. എസ്. കുമാരൻ കുറേക്കൂടി ഇതിൽനിന്നു കടന്നു സംസാരിച്ചു. അദ്ദേഹം ആലപ്പുഴകയർ വ്യവസായത്തിന്റെ മാന്ദ്യത്തെയുംപ്രത്യേകം എടുത്തുപറഞ്ഞു. പൊതുവേ കേരളത്തിലെ എല്ലാ ഭാഗങ്ങളിലെയും വികസനത്തെപ്പറ്റി ഇവിടെ സംസാരിക്കുകയുണ്ടായി. ഈ പ്രമേയത്തിനു മറുപടി പറയുമ്പോൾ, വയനാട്ടിൽ എന്തെങ്കിലും പ്രത്യേകമായ വ്യവസായം തുടങ്ങുന്നതിനെപ്പറ്റി പറയണോ, പൊതുവേ വ്യവസായ വികസനം സാധിക്കാൻ പിന്നാക്കം നിൽക്കുന്ന പ്രദേശങ്ങളിലെ കാര്യംകൂടി പരാമർശിക്കണോ എന്നസംശയമായിരിക്കുകയാണ്.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: പിന്നാക്കം നിൽക്കുന്ന സ്ഥലങ്ങളിലെ കാര്യം പൊതുവേ പറഞ്ഞാൽമതിയാകുമല്ലോ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എ. ദാമോദരമേനോൻ : അതിനു സമയം കിട്ടുമെന്നു തോന്നുന്നില്ല. വയനാട്ടിലെ കാര്യം പറഞ്ഞുകൊള്ളട്ടേ. വയനാട്ടിലെ കാര്യംമാത്രം പ്രത്യേകം ഉൾക്കൊള്ളുന്നതാണു പ്രമേയം. സാമ്പത്തികമായി വയനാട്ടു പിന്നാക്കമാണു്, സംശയമില്ല. വ്യാവസായികമായും അങ്ങനെതന്നെയാണു്. പൊതുവേ ഈ രാജ്യത്തിന്റെ സാമ്പത്തിക വികസനത്തെ സംബന്ധിച്ചു്, ഈ ഗവണ്മെന്റു അധികാരത്തിൽ വന്നതിനുശേഷം ഒരു സർവ്വേനടത്തി. ലോക നഥേൻകമ്മിറ്റി റിപ്പോർട്ടിൽ, മലബാറിലെ മലയോരപ്രദേശങ്ങളിലും, കടൽതീരങ്ങളിലും, മദ്ധ്യപ്രദേശത്തും കിട്ടാൻ സാദ്ധ്യതയുള്ള പ്രകൃതിവിഭവങ്ങളെപ്പറ്റി സർവ്വേനടത്തി ഏതെല്ലാം വ്യവസായങ്ങൾ എവിടെയെല്ലാം നടത്താമെന്ന നിർദ്ദേശങ്ങൾ വച്ചിട്ടുണ്ടു്. അതുസംബന്ധിച്ച സർവ്വേയുടെ പ്രവർത്തനം ഇതുവരെ മുഴുവൻ ആയിട്ടില്ല. വിശദമായ ഒരു സർവ്വേ ഇതുസംബന്ധിച്ചു നടത്തേണ്ടതാണു്. വയനാട്ടിലെ മലയോരപ്രദേശങ്ങളിലും, കടലോരപ്രദേശങ്ങളിലും വനവിഭവങ്ങളും, അതുപോലെ തന്നെ ധാതുവിഭവങ്ങളും കിട്ടാനുണ്ടു്. വനവിഭവങ്ങൾ എന്തെല്ലാമാണെന്നു സർവ്വേനടത്താതെതന്നെ അറിയാം. അതു് ഉപയോഗിച്ചു് ഫാറസ്റ്റ് ഇൻഡസ്ട്രീസു് എന്തെല്ലാം നടത്താമെന്നു് അന്വേഷണംനടത്തി. ധാതുവിഭവങ്ങളെ സംബന്ധിച്ചിടത്തോളം ഇവിടത്തെ ജിയോളജിക്കൽ ഡിപ്പാർട്ടുമെന്റു ചില സർവ്വേനടത്തിയിട്ടുണ്ടെങ്കിലും, അതു പുരുങ്ങിയ തോതിലുള്ള സർവ്വേ ആയിരുന്നു. അതു അപര്യാപ്തമായ ഒരു സർവ്വേ ആയതുകൊണ്ടു്, നല്ല ഉപകരണങ്ങളുടെ സഹായത്തോടുകൂടി കേന്ദ്ര ജിയോളജിക്കൽ ഡിപ്പാർട്ടുമെന്റിന്റെ സഹായം ഈ കാര്യത്തിൽ ആവശ്യപ്പെട്ടിരിക്കുകയാണു്. അതനുസരിച്ചു സർവ്വേ നടക്കുന്നുണ്ടു്. എന്തെല്ലാം ധാതുവിഭവങ്ങളാണു നമുക്കു് എത്രത്തോളം പ്രയോജനംചെയ്യാൻ ഇവിടെ പുതിയ വ്യവസായങ്ങൾ ആരംഭിക്കാമെന്ന പരിശോധിക്കുകയാണു്. പരിശോധനയിൽ കിട്ടിയ ചില വിവരങ്ങൾ ഇവിടെ ഇതിനുമുൻപു തന്നെ വ്യക്തമാക്കിയിട്ടുണ്ടു്. ക്രോമൈനിംഗിനു സാദ്ധ്യതയുണ്ടു്. അതുകൂടാതെ ലൈംസ്റ്റോൺ ഡിപ്പോസിറ്റുണ്ടു്. അതു് ഉപയോഗിച്ചു് ഒരു സിമൻറു ഫാക്ടറി ഇവിടെ ആരംഭിക്കാനുള്ള സാദ്ധ്യതയുണ്ടു്. വയനാട്ടിൽ സ്വർണ്ണനിക്ഷേപം ഉള്ളതായി അന്വേഷണത്തിൽ അറിയുന്നു. അവരുടെ റിപ്പോർട്ട കിട്ടിയതിനുശേഷമേ ഈകാര്യത്തിൽ വേണ്ട മേൽനടപടി സ്വീകരിക്കാൻ നിവൃത്തിയുള്ളു. വയനാട്ടിലെ വനവിഭവങ്ങളെക്കുറിച്ചു് ശ്രീ. ഗോപാലൻകുട്ടി നായർ പറഞ്ഞു. മാവൂർ റയൺ പൾപ്പു ഫാക്ടറിക്കു വേണ്ട മുള കിട്ടുന്നുണ്ടു്. അതിന്റെ ആവശ്യം കഴിഞ്ഞു. വലിയ തോതിൽ മുള കിട്ടിയാൽ മറ്റെന്തെങ്കിലും വ്യവസായംകൂടി പേപ്പർ മില്ലോ മറ്റോ നടത്തുന്ന കാര്യത്തെപ്പറ്റി പറഞ്ഞു. ആ പ്രദേശത്തെ മുള പുത്തു കഴിഞ്ഞിരിക്കുന്നതുകൊണ്ടു്, രണ്ടുകൊല്ലത്തിനകം അതു് ഉപയോഗിച്ചിരിക്കണമെന്നുണ്ടു്. അതു് ഉപയോഗിച്ചു കഴിഞ്ഞാൽ പിന്നെ വലിയ തോതിൽ മുള വളർന്നുവരണം. 150 ടൺ പൾപ്പാണു് ഇപ്പോഴും അവിടെ ഉല്പാദിപ്പിക്കുന്നതു്. അതുകൂടാതെ ദിവസവും ഉല്പാദിപ്പിക്കാൻ 2, 25, 000 ടൺ മുള ആവശ്യമായിരിക്കുന്നു. അതുകൂടി കിട്ടുന്നതിനുള്ള സാദ്ധ്യത ഇല്ലാതെയാണിരിക്കുന്നതു്. എന്താണു് ഇനി ചെയ്യേണ്ടതെന്നു് കാര്യമായി പര്യാലോചിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : എഗ്രിമെന്റു എത്ര കൊല്ലത്തേക്കാണു്?

ശ്രീ. കെ. എ. ദാമോദരമേനോൻ : 10 കൊല്ലത്തേക്കാണെന്നു തോന്നുന്നു. വ്യക്തമായി അറിഞ്ഞുകൂടാ. ഏതെങ്കിലും മറ്റു വ്യവസായം ആരംഭിച്ചിട്ടു്, വേണ്ടിടത്തോളം അസംസ്കൃത സാധനം കൊടുക്കാൻ നിവൃത്തിയില്ലാതെ വന്നാൽ അതു സാമ്പത്തിക വളർച്ചയ്ക്കു വിഘാതമായിരിക്കും. അതുകൊണ്ടു വയനാട്ടു് എന്തെല്ലാം ചെറുകിട വ്യവസായങ്ങൾ സ്ഥാപിക്കാൻ കഴിയും എന്നു ഗവണ്മെന്റു് അന്വേഷിക്കാം. ഈകാര്യം നാലാം പഞ്ചവത്സരപദ്ധതിക്കാലത്തു് നടപ്പിൽ വരത്തക്കവിധം ഗവണ്മെന്റു ശ്രദ്ധിക്കാമെന്നു് ശ്രീ. ഗോപാലൻ കുട്ടി നായർക്കു ഉറപ്പു നൽകുന്നു. കേരളത്തിൽ മറ്റു പ്രദേശങ്ങളെ അപേക്ഷിച്ചു് മലബാർ പിന്നാക്കമാണെന്ന അദ്ദേഹം പറഞ്ഞു. അതു റിപ്പോർട്ടിൽ പ്രതിപാദിക്കാനിച്ചിട്ടുള്ള വസ്തുതയാണു്. പ്രാദേശികമായി അഭിവൃദ്ധിവരുത്തുന്നതിനുള്ള ശ്രമങ്ങൾ മുന്നോട്ടുകൊണ്ടുപോകുകയാണു്. പാലക്കാടു്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. എ. ദാമോദരമേനോൻ]

കോഴിക്കോട്ട്, കണ്ണൂർ എന്നി ഡിസ്ട്രിക്ട്കളിൽ ഇൻജിനീയറിംഗ് ഇൻഡസ്ട്രീസും കെമിക്കൽ ഇൻഡസ്ട്രീസും സാദ്ധ്യതയുള്ളിടത്തോളം നടത്തിവരികയാണ്. ഈ 15–ാം തീയതിതന്നെ സ്റ്റീൽ റോളിംഗ് മിൽ ഉൽഘാടനം ചെയ്യാൻ പോകുകയാണ്. അങ്ങനെ പല കാര്യങ്ങളും ചെയ്യാൻ സാധിക്കുന്നുണ്ട്. മലബാറിന്റെ ഇന്നത്തെപിന്നാക്കനില മനസ്സിലാക്കിക്കൊണ്ടതന്നെ ഗവണ്മെന്റു ആവശ്യമായ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

മാഡം, വ്യവസായവികസനത്തിനായി കടം കൊടുക്കുന്നതിനെപ്പറ്റി പറഞ്ഞു. ഏതെല്ലാം വ്യവസായങ്ങളും എവിടെനടത്താൻ സാധ്യതയുണ്ടെന്നു ആരായാതെ കടം കൊടുക്കുന്ന സമ്പ്രദായം സ്വീകരിക്കാൻ നിവർത്തിയില്ല. വ്യവസായങ്ങളും തുടങ്ങുന്നതിനെ ആശ്രയിച്ചിരിക്കും വ്യവസായ വായ്പകളുടെ വിതരണം. പുതിയ വ്യവസായങ്ങളും എവിടെ തുടങ്ങാം, എത്രത്തോളം സാദ്ധ്യതയുണ്ട്, കടം കൊടുക്കാൻ സൗകര്യം ഉണ്ടാകുമോ അസംസ്കൃതസാധനങ്ങളും വേണ്ടിടത്തോളം ലഭിക്കുമോ എന്നെല്ലാം പരിശോധിക്കേണ്ടതു് ആവശ്യമാണ്. ആകെപ്പാടെ എല്ലാ കാര്യത്തിലും ഗവണ്മെന്റു കാര്യമായി ശ്രദ്ധപതിപ്പിച്ചിട്ടുണ്ടെന്നു പറയാൻ കഴിയും.

ശ്രീ. എസ്. കുമാരൻ പറഞ്ഞകാര്യം ചിലതു പ്രമേയത്തിന്റെ ഉള്ളടക്കത്തിൽനിന്നു കവിഞ്ഞു നിൽക്കുന്നതാണ്. അദ്ദേഹം പറഞ്ഞു ഏതെങ്കിലും ഒരു കമ്മിറ്റിയെ നിശ്ചയിച്ചാൽ, കമ്മിറ്റിയുടെ ശുപാർശകളും സാമാന്യമായി നടപ്പിൽവരുത്താൻ ശ്രമിക്കണമെന്നു്. ഗവണ്മെന്റു് ആ കാര്യത്തിൽ കൂടുതൽ ശ്രദ്ധകാന്തി കാണിക്കുന്നതാണ്. അദ്ദേഹം വേറൊരു കാര്യംസൂചിപ്പിച്ചു. കമ്മിറ്റികളും നിശ്ചയിക്കുമ്പോഴും തൊഴിലാളിപ്രതിനിധികളെനിശ്ചയിക്കുന്ന കാര്യം. ഐ. എൻ. ടി.യു.സി. ക്കുമാത്രം മുൻഗണന നൽകുന്നുവെന്നു പറഞ്ഞു. അതു ശരിയല്ല. ഐ. എൻ. ടി. യു. സി. ഇൻഡ്യയൊട്ടുക്കു വളരെയധികം സ്വാധീനവും, മെമ്പർഷിപ്പും ഉള്ള ഒരു തൊഴിലാളിസംഘടനയാണെന്നുള്ള കാര്യത്തിൽ ശ്രീ. കുമാരനും, ശ്രീ. ഈ. പി. ഗോപാലനും സംശയം കാണുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. ആ നിലയ്ക്കു ഐ. എൻ. ടി. യു. സി. ക്കു പ്രാതിനിധ്യം നൽകുന്നതാണ്. അതേ സമയത്തു മറ്റു തൊഴിലാളി സംഘടനകളെ അവഗണിക്കുമെന്നു പറയുന്നതിലും അർത്ഥമില്ല.

ശ്രീ. എസ്. കുമാരൻ: സർ, വ്യവസായസാധ്യതയെപ്പറ്റി അന്വേഷിച്ചു റിപ്പോർട്ടചെയ്യാൻ ഒരു കമ്മിറ്റിയെ ശുപവൽക്കരിച്ചതിന്റെ implementation കമ്മിറ്റിയിൽ, എ. ഐ. ടി. യു.സി. പ്രതിനിധിയായി ശ്രീ. ടി. വി. തോമസിന്റെ പേരു നിർദ്ദേശിച്ചിരുന്നു. ഗവണ്മെന്റു് അതു് സ്വീകരിക്കാതെ, ഐ. എൻ. ടി. യു. സി. യുടെ ഒരു പ്രതിനിധിയെ എടുത്ത ഒരു പ്രത്യേക സംഭവം ഞാൻ മുണ്ടിക്കാണിക്കുകയാണ്. അതു പരിശോധിക്കുമോ ?

ശ്രീ കെ. എ. ദാമോദരമേനോൻ : അതു ഓർമ്മയിൽ നിന്നു പറയാൻ സാധിക്കുന്നില്ല. പരിശോധിക്കാം, തൊഴിൽരംഗത്തും, വ്യവസായരംഗത്തും കക്ഷികാംതമ്മിൽ അങ്ങോട്ടമിങ്ങോട്ടും വെറുതേ മൽസരമുണ്ടാക്കാതെ, നമുക്കു യോജിച്ചു മുന്നോട്ടുപോകാൻ അവസരം ഉണ്ടാക്കണമെന്നാണ് എനിക്കു പ്രത്യേകം അഭ്യർത്ഥിക്കാനുള്ളതു്, അതിനുവേണ്ടി ഗവണ്മെന്റു ഭാഗത്തുനിന്നും എത്ര ശ്രമിച്ചാലും, പ്രതിപക്ഷം ഈ കാര്യത്തിൽ യോജിക്കുന്നതായി കാണുന്നില്ല.

ശ്രീ. ഈ. പി. ഗോപാലൻ : ഈ കാര്യങ്ങളും പറയുമ്പോഴും എല്ലാം ശരിയാണെന്നു് തോന്നും, പ്രവൃത്തി മറിച്ചാണ്. പറയുന്നതിൽ യാതൊന്നും തകരാറില്ലെന്നു് തോന്നും, പക്ഷേ, അവസരം വരുമ്പോഴും, ഏതെങ്കിലും കമ്മിറ്റിയിൽ ആളെ നിശ്ചയിക്കുമ്പോഴും സ്വന്തക്കാരായ ആളുകളും ആയിരിക്കുമെന്നേയുള്ളൂ. എത്ര എത്ര ഉദാഹരണങ്ങളും വേണമെങ്കിലും തരാം, ആലപ്പുഴ മാത്രമല്ല.

ശ്രീ. കെ. എ. ദാമോദരമേനോൻ : കമ്മിറ്റികളിൽ മറ്റുള്ള പാർട്ടികളെയും എടുത്തിട്ടുള്ളതിനു ഉദാഹരണം ധാരാളമുണ്ട്. ഏതായാലും ശ്രീ. ഈ.

LIBRARY ARCHIVES Kerala Legislative Assembly

പി. ഗോപാലനെ എനിക്ക വളരെ മുൻപുതന്നെ അറിയാം. അദ്ദേഹത്തിനു് ഏതു കാര്യത്തിലും ഒരു വാശിയുണ്ടു്. അതിനു ഇന്നും മാറ്റം വന്നിട്ടില്ല. എന്തു ന്യായവും ഈ ഭാഗത്തുനിന്നു പറഞ്ഞാലും, അതു മനസ്സിലാക്കിയാലും മനസ്സിലായില്ല എന്നു ഭാവിച്ചുകൊണ്ടു് എതിർത്തു സംസാരിക്കും. ഏതു കാര്യത്തെക്കുറിച്ചും അദ്ദേഹം പ്രസംഗിക്കും. ഇവിടെനിന്നു പറയുന്ന കാര്യങ്ങളും മനസ്സിലാക്കാനുള്ള സൗമനസ്യം കാണിക്കാതെ വാശിയോടുകൂടി വാദിക്കും. അതൊരു പ്രചരണതന്ത്രമായിരിക്കും.

മാഡം, ഈ പ്രമേയം ശ്രീ. ഗോപാലൻകുട്ടി നായർ പ്രസ്സു് ചെയ്യരുതെന്നു ഞാൻ അപേക്ഷിക്കുകയാണു്. ഇതു പിൻവലിക്കണമെന്നാണു് എനിക്കു പറയാനുള്ളതു്.

ശ്രീ. എം. ഗോപാലൻകുട്ടി നായർ : ബഹുമാനപ്പെട്ട മന്ത്രി നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ പ്രമേയം പ്രസ്സു് ചെയ്യുന്നില്ല.

The Resolution moved by Shri M. Gopalankutty Nair was, by leave, withdrawn.

Deputy Speaker : Now we pass on to Resolution No. 3.

RESOLUTION 3.

Women Workers of Kerala

ശ്രീ. പി. രവീന്ദ്രൻ : മാഡം, കൂലി, തൊഴിൽ സാഹചര്യം, ആരോഗ്യ സംരക്ഷണം, ഉയർന്ന ജോലി ലഭിക്കുന്നതിനുള്ള പരിശീലനസൗകര്യം, ശിശു സംരക്ഷണം എന്നീ കാര്യങ്ങളെ സംബന്ധിച്ചു് സ്ത്രീതൊഴിലാളികൾക്കു അഭിമുഖീകരിക്കേണ്ടിവരുന്ന പ്രശ്നങ്ങളെ സംബന്ധിച്ചു് പഠിച്ചു റിപ്പോർട്ടു് ചെയ്യുന്നതിനുവേണ്ടി ഗവണ്മെന്റു ഒരു കമ്മറ്റിയെ നിയമിക്കണം എന്നുള്ളതാണു് എന്റെ പ്രമേയത്തിന്റെ ഉള്ളടക്കം. ആ പ്രമേയം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

"This House recommends to Government to appoint a committee to study the problems facing the women workers of Keala regarding their wages, conditions of work, health and safety measures, training opportunities for higher jobs and facilities for the care and upbringing of thei children."

സർ, ഈ പ്രമേയം അവതരിപ്പിക്കുമ്പോൾ ഇന്നു നമ്മുടെ രാജ്യത്തു പ്രത്യേകമായ ഒരു സ്ഥിതിവിശേഷം ഉണ്ടു്. സ്ത്രീ തൊഴിലാളികളുടെ കാര്യങ്ങളെ സംബന്ധിച്ചു ഇന്നു വിവിധ തലങ്ങളിൽ ചർച്ചകൾ നടക്കുന്നുണ്ടു്. 1964 മേ 11-ാംതീയതി മുതൽ 16—ാംതീയതിവരെ സാവ്വ് ദേശീയ ടേഡ്യൂണിയൻ സമ്മേളനം സ്ത്രീ തൊഴിലാളികളുടെ കാര്യങ്ങളെ സംബന്ധിച്ചു ചർച്ച ചെയ്യാൻ പോകുന്നുണ്ടു്. ഈ മാസം 9—ാംതീയതി ഇൻഡ്യ ഒട്ടാകെയുള്ള സ്ത്രീ തൊഴിലാളികൾ അവരുടെ അവകാശങ്ങൾ ഗവണ്മെന്റു പ്രത്യേകമായി പരിഗണിക്കണമെന്നു പ്രകടനം നടത്തി ആവശ്യപ്പെടുകയുണ്ടായി. ഇവിടെ കേരളത്തിൽ ശ്രീമതി റോസാമ്മ പുന്നൂസിന്റെ നേതൃത്വത്തിൽ ഒരു പ്രകടനം നടക്കുകയുണ്ടായി. വിവിധ രംഗങ്ങളിൽ പണിയെടുക്കുന്ന സ്ത്രീതൊഴിലാളികൾ ഒരു ജാഥയായി വരികയും ഒരു നിവേദനവുമായി മന്ത്രിയെക്കണ്ടു അവരുടെ അവകാശങ്ങൾ അടങ്ങുന്ന മെമ്മോറാണ്ടം സമർപ്പിക്കുകയും ചെയ്തിട്ടുണ്ടു്. ഈ സാഹചര്യത്തിലാണു് ഈ നിയമസഭയിൽ സ്ത്രീ തൊഴിലാളികളെ സംബന്ധിച്ച പ്രമേയം വരുന്നതു്. അതാണു് ഒരു പ്രത്യേകമായ സാഹചര്യത്തിലാണു് ഇതു അവതരിപ്പിക്കുവാൻ ഇടയായതെന്നു ഞാൻ പറയുവാനുള്ള കാരണം. ഈ പ്രമേയത്തിൽ അടങ്ങിയിട്ടുള്ള പ്രശ്നങ്ങളെക്കുറിച്ചു് ഒന്നരണ്ടു കാര്യങ്ങൾ ഈ സഭയുടെ ശ്രദ്ധയിൽ വയ്ക്കുവാൻ ഉണ്ടു്. സ്ത്രീകളുടെ അവകാശങ്ങൾ സമ്പാദിച്ചു കിട്ടുന്നതിനുവേണ്ടി അവർക്കു് നിരന്തരം സമരം ചെയ്യേണ്ട

LIBRARY ARCHIVES Kerala Legislative Assembly